**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4815** **11-08-2021 - ൽ മറുപടിയ്ക്ക്**

**വിദേശ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ ഉപരിപഠനം, പ്രൊഫഷണൽ വിദ്യാഭ്യാസം എന്നിവയ്ക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് പ്രവാസിക്ഷേമ വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ വിശദമാക്കുമോ; വിദ്യാർത്ഥികൾക്ക് കരാർ ഉടമ്പടികൾക്ക് വിരുദ്ധമായ അനുഭവങ്ങൾ നേരിടേണ്ടി വരുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | വിദേശ രാജ്യങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കേരളീയരായ വിദ്യാർത്ഥികളുടെ വിവരശേഖരണത്തിനായി നോർക്കാ സ്റ്റുഡൻറ്സ് ഐ.ഡി കാർഡ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 4 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന പ്രസ്തുത പദ്ധതിയിൽ വിദേശരാജ്യങ്ങളിലേക്ക് പഠനത്തിനായി പ്രവേശന നടപടികൾ പൂർത്തിയാക്കിയ മലയാളി വിദ്യാർത്ഥികൾക്കും, നിലവിൽ വിദേശത്ത് പഠിക്കുന്നവർക്കും അംഗത്വം എടുക്കാവുന്നതാണ്. കരാർ സംബന്ധമായ ഉടമ്പടികൾക്ക് വിരുദ്ധമായ അനുഭവങ്ങൾ നേരിടേണ്ടിവരുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നും പരാതികളൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | ഉപരിപഠനത്തിന് വിദേശത്ത് പ്രവേശനം ലഭ്യമാക്കുന്ന ഏജൻസികൾക്ക് സർക്കാർ അംഗീകാരം നൽകുന്നുണ്ടോ; സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര അംഗീകൃത ഏജൻസികളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | ഉപരിപഠനത്തിനു വിദേശത്ത് പ്രവേശനം ലഭ്യമാക്കുന്ന ഏജൻസികൾക്ക് അംഗീകാരം നൽകുന്നത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. അത്തരത്തിലുള്ള വിവരങ്ങൾ സർക്കാരിന്റെ പക്കൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ